**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 58** **29-01-2024 - ൽ മറുപടിയ്ക്ക്**

**സമാശ്വാസ തൊഴിൽദാന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര പേർക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | മരണപ്പെടുന്ന ജീവനക്കാരുടെ ആശ്രിതർ അതത് ജീവനക്കാർ ജോലി ചെയ്യുന്ന വകുപ്പിലാണ് ആശ്രിത നിയമനത്തിനായി അപേക്ഷ സമർപ്പിക്കുന്നത്. ഇപ്രകാരം ഓരോ വകുപ്പിലും ആശ്രിത നിയമനം നൽകിയവരുടെ എണ്ണവും സമർപ്പിക്കപ്പെട്ടിട്ടുള്ള അപേക്ഷകളുടെ എണ്ണവും ക്രോഡീകരിച്ചിട്ടില്ല. |
| (ബി) | ഏതെല്ലാം വകുപ്പുകളിൽ ഏതെല്ലാം തസ്തികകളിലാണ് നിയമനം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; പ്രസ്തുത ലിസ്റ്റിൽ ഇനിയും എത്ര പേർക്ക് ജോലി ലഭിക്കാനുണ്ട് എന്നറിയിക്കാമോ; | (ബി) | മരണപ്പെടുന്ന ജീവനക്കാരുടെ ആശ്രിതർ അതത് ജീവനക്കാർ ജോലി ചെയ്യുന്ന വകുപ്പിലാണ് ആശ്രിത നിയമനത്തിനായി അപേക്ഷ സമർപ്പിക്കുന്നത്. ഇപ്രകാരം ഓരോ വകുപ്പിലും ആശ്രിത നിയമനം നൽകിയവരുടെ എണ്ണവും സമർപ്പിക്കപ്പെട്ടിട്ടുള്ള അപേക്ഷകളുടെ എണ്ണവും ക്രോഡീകരിച്ചിട്ടില്ല. |
| (സി) | പ്രസ്തുത പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിന് കാലതാമസം നേരിടുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ; | (സി) | ഉണ്ട്. മാതൃവകുപ്പുകളിൽ നടത്തുന്ന നിയമനങ്ങൾ ഉൾപ്പടെ ആകെ ആശ്രിത നിയമനങ്ങൾ, ഓരോ വർഷവും വകുപ്പിലുണ്ടാകുന്ന ആകെ ഒഴിവുകളുടെ 5 ശതമാനത്തിൽ കൂടുതലാകരുതെന്ന ബഹു.ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വകുപ്പിൽ റിപ്പോർട്ട് ചെയ്യപ്പെടുന്ന ഒഴിവുകളിൽ കുറവുണ്ടാകുകയും പൊതു തസ്തികകളിൽ ആശ്രിത നിയമനം ലഭിക്കുന്നതിന് കാലതാമസമുണ്ടാകുന്നതിന് കാരണമാകുന്നുണ്ട്. |
| (ഡി) | ഇത്തരത്തിലുള്ള കാലതാമസം ഒഴിവാക്കി സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (ഡി) | നിയമന ഉത്തരവ് ലഭിച്ച് 4 വർഷത്തിന് ശേഷവും ഒഴിവിന്റെ അഭാവത്തിൽ നിയമനം ലഭിക്കാത്തവർക്ക് അവരുടെ യോഗ്യതയുടെ അടിസ്ഥാനത്തിൽ തസ്തികമാറ്റത്തിന് അനുമതി നൽകിയിരുന്നു. നേരിട്ട് നിയമനം നടത്തുന്ന എല്ലാ ക്ലാസ്സ് III, ക്ലാസ്സ് IV തസ്തികകളും ആശ്രിതനിയമനത്തിനായി പരിഗണിക്കുന്നുണ്ട്. ആശ്രിത നിയമനം കൂടുതൽ വേഗത്തിലാക്കുന്നതിന് നിലവിലുള്ള വ്യവസ്ഥകൾ പരിഷ്കരിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ